**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 218** **14-02-2024 - ൽ മറുപടിയ്ക്ക്**

**ചെമ്മീൻ കയറ്റുമതി മേഖല നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ചെമ്മീൻ കയറ്റുമതി വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള കയറ്റുമതി ഓർഡറുകളിലെ കുറവ് മൂലം 2022 ലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2023 ഏപ്രിൽ - ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്ത് നിന്നുള്ള ചെമ്മീൻ കയറ്റുമതിയിൽ മൂല്യം അളവ്, യൂണിറ്റ് വില എന്നിവയിൽ കുറവുണ്ടായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സംഭരണ ശാലകളിൽ തദ്ദേശീയമായി ലഭിക്കുന്ന ചെമ്മീന്റെ അളവ് കുറഞ്ഞത് കാരണം ഇതര സംസ്ഥാനങ്ങളിൽ നിന്നുമാണ് ചെമ്മീൻ എത്തുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. 2022-23 കാലയളവിൽ കേരളത്തിൽ നിന്ന് 71,059 ടൺ ചെമ്മീൻ കയറ്റുമതി ചെയ്തു. ഇതിൽ 69% (48,758 ടൺ) ചെമ്മീൻ കൃഷിയിൽ നിന്നും 31% (22,301 ടൺ) മത്സ്യ ബന്ധനത്തിലൂടെ ലഭിച്ച (wild caught) ചെമ്മീനും ആണ്. കൃഷിയിലൂടെ ഉത്പാദിപ്പിച്ച് കയറ്റി അയക്കുന്ന ചെമ്മീനിന്റെ 96% (46,733 ടൺ)വും വനാമി ചെമ്മീനാണ്. ഇതിൽ 98% ലധികം സംസ്ഥാനത്തിന് പുറത്ത് നിന്നുമാണ് ലഭിക്കുന്നത്. ആയത് സംസ്ഥാനത്തിനകത്തുള്ള പ്ലാന്റുകളിൽ പ്രോസസ് ചെയ്താണ് കയറ്റുമതി ചെയ്യുന്നത്. കയറ്റുമതി ചെയ്യുന്ന, മത്സ്യ ബന്ധനത്തിലൂടെ ലഭിച്ച (wild caught) ചെമ്മീൻ കേരളത്തിൽ നിന്നാണ് പ്രധാനമായും ലഭിക്കുന്നത്. |
| (സി) | തദ്ദേശ ചെമ്മീൻ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | തദ്ദേശ ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു നെല്ലും ഒരു ചെമ്മീനും, കുളങ്ങളിലെ ചെമ്മീൻകൃഷി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മുൻ വർഷം ഒരു നെല്ലും ഒരു ചെമ്മീനും കുളങ്ങളിലെ ചെമ്മീൻ കൃഷി പദ്ധതികൾക്കായി 285.6 ലക്ഷം രൂപ വകയിരുത്തുകയും 1730 ഹെക്ടർ പ്രദേശത്ത് പദ്ധതിനടപ്പിലാക്കുകയും ചെയ്തു. 2346 ഹെക്ടർ ചെമ്മീൻ വാറ്റ് പ്രദേശങ്ങളിൽ പരമ്പരാഗത ചെമ്മീൻ കൃഷി നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികൾ പ്രകാരം 32,915 ടൺ ചെമ്മീൻ ഉത്പ്പാദിപ്പിക്കാൻ കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനവിഷ്കൃത, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി കയറ്റുമതി മൂല്യമുള്ള വനാമി ചെമ്മീൻ കൃഷി നടപ്പിലാക്കി വരുന്നു.<br><br>അഡാക് മുഖേന നടപ്പിലാക്കുന്ന, 32 കോടി രൂപയുടെ സംസ്ഥാന വിഹിതമുള്ള 144 കോടി അടങ്കൽ തുകയുടെ വനാമി ചെമ്മീൻ കൃഷി വികസന പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി പ്രകാരം കണ്ണൂർ, തൃശ്ശൂർ, കൊല്ലം ജില്ലകളിലെ 500 ഹെക്ടർ വിസ്തൃതിയിലുള്ള ഫാമുകളിൽ വനാമി ചെമ്മീൻ കൃഷി നടത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ 97.31 ഹെക്ടർ ഫാമുകൾ വനാമി ചെമ്മീൻ കൃഷിക്കായി തെരഞ്ഞെടുക്കുകയും 97.31 ഹെക്ടർ ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വനാമി ചെമ്മീൻ കൃഷി ചെയ്തു വരികയുമാണ്. പദ്ധതിയുടെ ഭാഗമായി ചെമ്മീൻ കൃഷിയുടെ ആവശ്യത്തിലേയ്ക്കായി "പവർലൈൻ എക്സ്റ്റെൻഷൻ ആന്റ് ഇൻസ്റ്റാളേഷൻ ഓഫ് ട്രാൻസ്ഫോർമർ"-നായി 162 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ടി പ്രവൃത്തിക്കായി അനുവദിച്ച 64.31 ലക്ഷം രൂപ കുണ്ടറ, തലശ്ശേരി, പയ്യന്നൂർ, കരുനാഗപ്പള്ളി എന്നിവിടങ്ങളിലെ കെ.എസ്.ഇ.ബി സെക്ഷനുകളിലേയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. 2023-25 ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി വനാമി ചെമ്മീൻ കൃഷി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. വനാമി ചെമ്മീൻ കൃഷിക്കായി ടി പദ്ധതിയിൽ 594.23 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത് .ഇതിന്റെ ഭാഗമായി 70 ഹെക്ടർ ഫാമുകൾ ചെമ്മീൻ കൃഷിക്കായി തെരഞ്ഞെടുക്കുകയും കുളങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ നടപ്പിലാക്കി ചെമ്മീൻ കൃഷിയ്ക്ക് ഉപയുക്തമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സർക്കാർ മേഖലയിലെ ചെമ്മീൻ ഹാച്ചറികൾ മുഖേന തദ്ദേശീയ ഇനത്തിലുള്ള ചെമ്മീൻ വിത്തുൽപ്പാദനം നടത്തി വരുന്നു. ഹാച്ചറികളിൽ നിന്നും മുൻ സാമ്പത്തിക വർഷം 716 ലക്ഷം തദ്ദേശീയ ഇനത്തിലുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തിയിട്ടുണ്ട്. ഈ വർഷത്തെ ഉൽപ്പാദന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | തരിശ് കിടക്കുന്ന പൊക്കാളി, കൈപ്പാട്, കോൾ നിലങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നതിന് കർഷകർക്ക് അനുമതി നൽകി ഈ പ്രതിസന്ധി പരിഹരിച്ച് സംസ്ഥാനത്തെ ഉല്പാദനവും കയറ്റുമതി | (ഡി) | നാമമാത്രമായ ഓരുജല മേഖലയാണ് ശാസ്ത്രീയ ചെമ്മീൻ കൃഷിയ്ക്കായി നിലവിൽ ഉപയോഗിച്ചു വരുന്നത്. ചെമ്മീൻ കൃഷിയ്ക്ക് ഏറ്റവും അനുയോജ്യമായ പ്രദേശം തീരദേശ മേഖലയിൽ വരുന്ന ഓരുജല പാടങ്ങളാണ്. തരിശ് കിടക്കുന്ന പൊക്കാളി, |

| | | | |
|---|---|---|---|
| | വരുമാനവും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | കൈപ്പാട്, കോൾ നിലങ്ങളിൽ ചെമ്മീൻ കൃഷി നടത്തുന്നതിന് കർഷകർക്ക് അനുമതി നൽകുന്ന കാര്യത്തിൽ കൃഷി വകുപ്പുമായി ചർച്ച നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ